(ബി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായാൽ കർഷകർ നിശ്ചിത സമയമായ 10 ദിവസത്തിനകം കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷകളും അനുബന്ധ രേഖകളും സ്വീകരിച്ച് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാരത്തുക നിശ്ചയിക്കുകയും തുക അനുവദിക്കുന്നതിനായി ക്ലെയിം പ്രിൻസിപ്പൽ കൃഷി ആഫീസിൽ സമർപ്പിക്കുകയും ചെയ്യുന്നു. റവന്യൂ വകുപ്പിൽനിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകിവരുന്നു.

നെൽക്കൃഷിയുടെ വിള ഇൻഷുറൻസ് പദ്ധതി

201 (1571) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നിലവിൽ നെൽക്കൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏക്കറിന്/ ഹെക്ടറിന് പ്രീമിയം എത്രയാണ് എന്നും, ഇൻഷ്വറൻസ് തുക എത്രയെന്നും വിശദ മാക്കാമോ ;

(ബി) പ്രസ്തുതഇൻഷ്വറൻസ് തുക തീർത്തും ചെറുതാണെന്നും കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് മതിയായ ആശ്വാസം ഇതിലൂടെ ലഭിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രീമിയം തുക വർദ്ധിപ്പിച്ച്, ആനുപാതികമായി ഇൻഷ്വറൻസ് തുകയും ഉയർത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് സമാനമായ തുക ലഭ്യമാക്കു ന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽക്കൃഷിയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഹെക്ടറിന് 100 രൂപയാണ് പ്രീമിയം. നഷ്ടപരിഹാര തുക 45 ദിവസത്തിന് മുകളിൽ പ്രായമുള്ള ചെടികൾ നശിച്ചാൽ 12,500 രൂപയും 45 ദിവസം വരെയുള്ളതിന് 7,500 രൂപയുമാണ്.

852/2017.

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ കർഷകരുടെ പ്രീമിയം ഹെക്ടറിന് യഥാക്രമം 906, 1108, 1148 എന്നിങ്ങനെയാണ്. നഷ്ടപരിഹാര തുക 45300, 55400, 57400 എന്നിങ്ങനെയാണ്.

(ബി&സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൃഷിനാശത്തിന് ലഭിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2015-16 വർഷത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും ഉൾപ്പെടുത്തി നെൽകൃഷിക്കായി ഒരു സമഗ്ര നെൽകൃഷി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

തരിശുഭൂമിയിലെ കൃഷി

202 (1572) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് തരിശുഭൂമി പാട്ടത്തിന് നൽകി കൃഷി നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതിക്ക് നൽകുന്നത് ;

(സി) കഴിഞ്ഞ നാല് വർഷം എത്ര ഏക്കർ തരിശുഭൂമി കൃഷിക്കായി പാട്ടത്തിന് നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) എത്ര സ്ഥലത്ത് കൃഷി ഇറക്കിയെന്നും എന്തെല്ലാം വിളകൾ കൃഷി ചെയ്യുവെന്നും ഉല്പാദനം എത്രയായിരുന്നുവെന്നുമുള്ള ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിഭൂമി തരിശായി കിടക്കുന്നത് ഒഴിവാക്കി കൃഷിയോഗ്യമാക്കുന്നതിനും കൃഷി നടത്തുന്നതിനുമായി 2015-16-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം നടപടി സ്വീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly